# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.3590** **14/03/2017-ൽ മറുപടിക്ക്**

## കാസർഗോഡ് ഫയർ ആന്റ് റെസ്ക്യൂ യൂണിറ്റുകൾ

**ചോദ്യം**
ശ്രീ.എൻ.എ. നെല്ലിക്കുന്ന്

**മറുപടി**
**ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)**

എ) സേനാംഗങ്ങളുടേയും ഉപകരണങ്ങളുടേയും അപര്യാപ്തത കാസർഗോഡ് ജില്ലയിലെ അഗ്നിശമന വിഭാഗത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) സേനാംഗങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനായി വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു. ഉപകരണങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപെട്ടിട്ടില്ല.

ബി) കാസർഗോഡ് ജില്ലയിൽ എത്ര ഫയർ ആന്റ് റെസ്ക്യൂ യൂണിറ്റുകളാണുള്ളത്; ഓരോ യൂണിറ്റിനും അനുവദിച്ചിട്ടുള്ള വാഹനങ്ങളുടേയും അംഗങ്ങളുടേയും കണക്ക് വ്യക്തമാക്കാമോ;

ബി) കാസർഗോഡ് ജില്ലയിൽ 5 ഫയർ സ്റ്റേഷനുകളാണുള്ളത്. ഓരോ യൂണിറ്റിനും അനുവദിച്ചിട്ടുള്ള അംഗങ്ങളുടെയും വാഹനങ്ങളുടെയും കണക്ക് ചുവടെ ചേർക്കുന്നു.

**അംഗങ്ങൾ :**

| STATION | STO | ASTO | DM | FDCPO | LF | FM | PTS |
|---|---|---|---|---|---|---|---|
| Kasargod | 1 | 1 | 1 | 11 | 4 | 28 | 1 |
| Kanhangad | 1 | 1 | 1 | 7 | 4 | 24 | 1 |
| Thrikkaripur | 1 | 1 | 1 | 7 | 4 | 24 | 1 |
| Uppala | 1 | 1 | 1 | 3 | 2 | 12 | 1 |
| Kuttikkol | 1 | 1 | 1 | 3 | 2 | 12 | -- |

**വാഹനങ്ങൾ :**

| STATION | VEHICLES |
|---|---|
| Kasargod | MTU-4, Mini MTU-1, Ambulance-2, Jeep-2, Motor Cycle-1, QRV-1. |
| Kanhangad | MTU-2, Mini MTU-1, Jeep-1, Motor Cycle-1 |
| Thrikkaripur | MTU-1, Mini MTU-1, Jeep-1 |
| Uppala | MTU-2, Jeep-1 |
| Kuttikkol | MTU-1, Mini MTU-1, Jeep-1 |

സി) നിലവിൽ ഓരോ യൂണിറ്റിലുമുള്ള അംഗങ്ങളുടേയും വാഹനങ്ങളുടേയും കണക്കു വ്യക്തമാക്കാമോ;

സി) നിലവിലുള്ള അംഗങ്ങളുടെ വിവരം.

| STATION | STO | ASTO | DM | FDCPO | LF | FM | PTS |
|---|---|---|---|---|---|---|---|
| Kasargod | 1 | 1 | 1 | 7 | 3 | 18 | 1 |
| Kanhangad | 1 | 1 | 1 | 5 | 1 | 15 | 1 |
| Thrikkaripur | 1 | 1 | 1 | 5 | 4 | 18 | 1 |
| Uppala | 1 | 1 | 1 | 2 | 1 | 12 | 1 |
| Kuttikkol | -- | 1 | 1 | 3 | 1 | 7 | -- |

നിലവിലുള്ള വാഹനങ്ങളുടെ വിവരം.

| STATION | VEHICLES |
|---|---|
| Kasargod | MTU-4, Mini MTU-1, Ambulance-2, Jeep-2, Motor Cycle-1, QRV-1. |
| Kanhangad | MTU-2, Mini MTU-1, Jeep-1, Motor Cycle-1 |
| Thrikkaripur | MTU-1, Mini MTU-1, Jeep-1 |
| Uppala | MTU-2, Jeep-1 |
| Kuttikkol | MTU-1, Mini MTU-1, Jeep-1 |

ഡി) എല്ലാ യൂണിറ്റുകളിലും ഉപകരണങ്ങൾ വേണ്ടത്രയുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഏതെല്ലാം ഉപകരണങ്ങളുടെ കുറവാണുള്ളതെന്നും അത് എപ്പോൾ പരിഹരിക്കുമെന്നും വ്യക്തമാക്കാമോ;

ഡി) സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് അത്യാവശ്യം വേണ്ട എല്ലാ ഉപകരണങ്ങളും നിലയങ്ങളിലേക്ക് അനുവദിച്ചിട്ടുണ്ട്. കൂടുതൽ ഉപകരണങ്ങൾ പർച്ചേസ് നടത്തി ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകത കണക്കിലെടുത്ത് അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

ഇ) ജീർണ്ണിച്ച കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സുമാണ് കാസർകോട്ടെ ഫയർ സ്റ്റേഷന് ഇപ്പോൾ ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എഫ്) പുതിയ കെട്ടിടം പണിയാൻ ആലോചനയുണ്ടോ എന്നും നിർമ്മാണം എപ്പോൾ തുടങ്ങുമെന്നും ഇതിനു വേണ്ട ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

എഫ്) കാസർഗോഡ് അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടവും ഫാമിലി ക്വാർട്ടേഴ്സും പണിയുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യത്തിനായി ഫണ്ട് നീക്കിവച്ചിട്ടില്ല.

| | | | |
|---|---|---|---|
| ജി) | കാസർഗോഡ് ജില്ലയിൽ പുതിയതായി ഫയർ ആന്റ് റെസ്ക്യൂ യൂണിറ്റ് ആരംഭിക്കാൻ ആലോചനയുണ്ടോ; എങ്കിൽ എവിടെയാണെന്നും എപ്പോൾ പണി ആരംഭിക്കുമെന്നും ഇതിനു വേണ്ടി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | ജി) | ഉണ്ട്. ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിച്ച ഏജൻസിയായ ആർ.എം.എസ്.ഐ.യിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ പരിഗണിച്ച് ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**